**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1560** **03-02-2026 - ൽ മറുപടിയ്ക്ക്**

**മംഗലശ്ശേരി തോട്ടം നിവാസികളുടെ പട്ടയ വിതരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് താലൂക്കിലെ താഴെക്കോട് വില്ലേജിൽ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് താലൂക്ക് താഴെക്കോട് വില്ലേജ് റിസർവ്വെ നമ്പർ 91, 99 എന്നിവയിൽപ്പെട്ട 25.84 ഏക്കർ ഭൂമി കാലങ്ങളായി കൈവശം വെയ്ക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതു സംബന്ധിച്ച് സ. ഉ (കൈ.) നമ്പർ 267/2025/ആർ.ഡി, തീയതി 03.09.2025 നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1970 ലെ അരബിൾ ഫോറസ്റ്റ് ലാന്റ് അസൈൻമെന്റ് റൂൾസ് പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 04.11.2025 തീയതിയിൽ താഴെക്കോട് വില്ലേജ് ഓഫീസിൽ വെച്ച് ഈ ഭൂമി കൈവശം വെച്ച് വരുന്നവരുടെ രേഖകൾ സൂക്ഷ്മ പരിശോധന നടത്തിയിരുന്നതിൽ പ്രസ്തുത ഭൂമി നിലവിൽ കൈവശം വെച്ച് വരുന്നവർ ഹാജരാക്കിയ രേഖകളിൽ ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാലും, ശരിയായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും ഈ സ്ഥലം സർവ്വെ ചെയ്യുന്നതിന് തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 28.01.2026 തീയതിയിൽ സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത പട്ടയം വിതരണം ചെയ്യുന്നതിന് അടുത്ത മാസം തന്നെ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സർവ്വെ നടപടികൾ പൂർത്തീകരിച്ചതിന് ശേഷം നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ